## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158     16.06.2014-ൽ മറുപടിയ്ക്ക്

**ചെക്ക് പോസ്റ്റുകളിലെ വിജിലൻസ് റെയ്ഡ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | വിവിധ ചെക്ക് പോസ്റ്റുകളിൽ ഈ വർഷം പോലീസ് വിജിലൻസ് വിഭാഗം റെയ്ഡുകൾ നടത്തുകയുണ്ടായോ; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്; കൊമേഴ്സ്യൽ ടാക്സസ്, എക്സൈസ്, അനിമൽ ഹസ്ബന്ററി, മോട്ടോർ വെഹിക്കിൾസ് തുടങ്ങി സംസ്ഥാനത്തുടനീളമുള്ള വിവിധ ചെക്ക് പോസ്റ്റുകളിലായി മൊത്തം 26 മിന്നൽ പരിശോധനകൾ ഈ വർഷം ഇതുവരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ നടത്തുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | റെയ്ഡുകളിലൂടെ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | അക്കൗണ്ട് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാതിരിക്കുക, കണക്കിൽപ്പെടാത്ത തുക കണ്ടെത്തുക, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക കൃത്യമായി രേഖപ്പെടുത്താതിരിക്കുക, അറ്റന്റഡൻസ് രേഖപ്പെടുത്തി ജീവനക്കാർ പുറത്തു പോകുക, സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വിജിലൻസ് നോട്ടീസ് ബോർഡ് പ്രദർശിപ്പിക്കാതിരിക്കുക, വ്യക്തമായ രേഖകൾ ഇല്ലാത്ത വാഹനങ്ങൾ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിച്ച് ചെക്ക് പോസ്റ്റ് വഴി കടക്കാൻ അനുവദിക്കുക, സർക്കാർ തുകയിൽ കുറവ് കണ്ടെത്തുക, ഉദ്യോഗസ്ഥർക്ക് |

| | | | |
|---|---|---|---|
| | | | കൈക്കൂലി ലഭ്യമാക്കുന്ന ഇടനിലക്കാരായ ഏജന്റുമാരുടെ അനധികൃത സാന്നിദ്ധ്യം തുടങ്ങിയവയാണ് ക്രമക്കേടുകളിലധികവും. |
| (സി) | ക്രമക്കേടുകളുടെ പേരിൽ എന്തെങ്കിലും ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) & (ഡി) | മേൽപ്പറഞ്ഞ 26 മിന്നൽ പരിശോധനകളുടേയും റിപ്പോർട്ട് തയ്യാറാക്കി വിജിലൻസ് ഡയറക്ടർ സൂക്ഷ്മപരിശോധനകൾക്ക് ശേഷം വ്യക്തമായ ശുപാർശകളോടെ സർക്കാരിനു അയച്ചു തരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി റിപ്പോർട്ടുകൾ സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

മിന്നൽ പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | | | |
|---|---|---|---|
| 1 | എസ്.സി.05/2014/സി.ആർ.ഇ | മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, വാളയാർ, ചന്ദ്രപുരം (പാലക്കാട്) | കണക്കിൽ പെടാത്ത തുക കണ്ടെത്തി. ക്യാഷ് ഡിക്ളറേഷൻ രജിസ്റ്ററിൽ അവ്യക്തത തുടങ്ങിയവ |
| 2 | എസ്.സി.06/2014/സി.ആർ.ഇ | മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ് (ഔട്ട്) വാളയാർ. | ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയില്ല. |
| 3 | എസ്.സി.07/2014/സി.ആർ.ഇ | എക്സൈസ് ചെക്ക് പോസ്റ്റ്, ചന്ദ്രപുരം (പാലക്കാട്) | ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയില്ല. |
| 4 | എസ്.സി.08/2014/സി.ആർ.ഇ | മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ് , ഗോവിന്ദപുരം, പാലക്കാട് | ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയില്ല |
| 5 | എസ്.സി.09/2014/സി.ആർ.ഇ | കൊമേഴ്സ്യൽ ടാക്സസ് ചെക്ക് പോസ്റ്റ്, ഗോവിന്ദപുരം പാലക്കാട്. | കണക്കിൽ പെടാത്ത തുക കണ്ടെത്തി. ക്യാഷ് ബുക്ക് കൃത്യമായി സൂക്ഷിച്ചിട്ടില്ല. |
| 6 | എസ്.സി.10/2014/സി.ആർ.ഇ | അനിമൽ ഹസ്ബന്ററി ചെക്ക് പോസ്റ്റ്, ഗോവിന്ദപുരം, പാലക്കാട്. | കണക്കിൽ പെടാത്ത തുക കണ്ടെത്തി. |
| 7 | എസ്.സി.11/2014/സി.ആർ.ഇ | കൊമേഴ്സ്യൽ ടാക്സസ് ചെക്ക് പോസ്റ്റ്, വാളയാർ | ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയില്ല. |
| 8 | എസ്.സി.10/2014/പി.കെ.ഡി | എക്സൈസ് ചെക്ക് പോസ്റ്റ് വേലന്താവളം പാലക്കാട് | കണക്കിൽ പെടാത്ത തുക കണ്ടെത്തി. കൈക്കൂലി നല്കുന്ന ഇടനിലക്കാരായ ഏജന്റുമാരുടെ സാന്നിദ്ധ്യം. ഡ്രൈവർമാരുടെ കൈയിൽ നിന്നും കൈക്കൂലി വാങ്ങി കൊണ്ട് ഉദ്യോഗസ്ഥർ അനധികൃത സ്പിരിറ്റ് കടത്തിന് വരെ സാഹചര്യമൊരുക്കുന്നു. |
| 9 | എസ്.സി.11/2014/പി.കെ.ഡി | മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ് വേലന്താവളം. | സർക്കാർ അക്കൗണ്ടിൽ വരുന്ന തുകയിൽ കുറവ് കണ്ടെത്തി. കൈക്കൂലി നല്കുന്ന ഇടനിലക്കാരായ ഏജന്റുമാരുടെ സാന്നിദ്ധ്യം. കൈക്കൂലി |

| | | | |
|---|---|---|---|
| | | | ളുക മേശയിൽ കണ്ടെത്തി. പ്രധാന ഉദ്യോഗസ്ഥന്റെ അസാന്നിദ്ധ്യം. |
| 10 | എസ്.സി.31/2014/പി.കെ.ഡി | മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ് വേലന്താവളം | ക്രമക്കേടുകളൊന്നും കണ്ടെത്തിയില്ല. |
| 11 | എസ്.സി.32/2014/പി.കെ.ഡി | റിൻഡർ പെസ്റ്റ് ചെക്ക് പോസ്റ്റ്, മുതലമട, പാലക്കാട് | ക്രമക്കേടുകളൊന്നും കണ്ടെത്തിയില്ല. |
| 12 | എസ്.സി.33/2014/പി.കെ.ഡി | കൊമേഴ്സ്യൽ ടാക്സസ് ചെക്ക് പോസ്റ്റ്, മീനാക്ഷി പുരം. | ക്രമക്കേടുകളൊന്നും കണ്ടെത്തിയില്ല. |
| 13 | എസ്.സി.41/2014/പി.കെ.ഡി | റിൻഡർ പെസ്റ്റ് ചെക്ക് പോസ്റ്റ്, വാളയാർ, മുതലമട, പാലക്കാട് | കൈക്കൂലി വാങ്ങി നിയമാനുസൃതമല്ലാതെ വാഹനങ്ങൾ കടത്തി വിട്ടു. |
| 14 | എസ്.സി.52/2014/പി.കെ.ഡി | മോട്ടോർ വെഹിക്കിൾ, കൊമേഴ്സ്യൽ ടാക്സസ്, എക്സൈസ് ചെക്ക് പോസ്റ്റുകൾ, ഗോപാലപുരം | ഏജന്റുമാരുടെ സാന്നിദ്ധ്യം. |
| 15 | എസ്.സി.53/2014/പി.കെ.ഡി | മോട്ടോർ വെഹിക്കിൾ, കൊമേഴ്സ്യൽ ടാക്സസ്, ചെക്ക് പോസ്റ്റുകൾ, വേലന്താവളം | ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയില്ല. |
| 16 | എസ്.സി.54/2014/പി.കെ.ഡി | മോട്ടോർ വെഹിക്കിൾ, കൊമേഴ്സ്യൽ ടാക്സസ്, എക്സൈസ്ചെക്ക് പോസ്റ്റുകൾ, വാളയാർ | ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയില്ല. |
| 17 | എസ്.സി.64/2014/പി.കെ.ഡി | റിൻഡർപെസ്റ്റ് ചെക്ക് പോസ്റ്റ്, ഗോവിന്ദപുരം. | ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയില്ല. |
| 18 | എസ്.സി.13/2014/എസ്.ആർ.റ്റി | കൊമേഴ്സ്യൽ ടാക്സസ് ചെക്ക് പോസ്റ്റ്, കള്ളിക്കാട് തിരുവനന്തപുരം | ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയില്ല. |
| 19 | എസ്.സി.07/2014/ഐ.ഡി.കെ | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, ചിന്നാർ, ഇടുക്കി | ക്യാഷ് ഡിക്ളറേഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. അറ്റന്റഡൻസ് രേഖപ്പെടുത്തി ജീവനക്കാർ പുറത്തു പോകുന്നു. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | പ്രകാരം വിജിലൻസ് നോട്ടീസ് ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല. |
| 20 | എസ്.സി.15/2014/ഐ.ഡി.കെ | കൊമേഴ്സ്യൽ ടാക്സ് , എക്സൈസ്, മോട്ടോർ വെഹിക്കിൾസ് ചെക്ക് പോസ്റ്റ്, കമളി. | കണക്കിൽപ്പെടാത്ത തുക പിടിച്ചെടുത്ത് ട്രഷറിയിൽ അടച്ചു. |
| 21 | എസ്.സി.16/2014/ഐ.ഡി.കെ | കൊമേഴ്സ്യൽ ടാക്സ് ചെക്ക് പോസ്റ്റ്, കമ്പംമേട് | അക്കൗണ്ട് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 22 | എസ്.സി.28/2014/കെ.എസ്.ഡി | കൊമേഴ്സ്യൽ ടാക്സ് ചെക്ക് പോസ്റ്റ്, മഞ്ചേശ്വരം | പാസില്ലാതെ വാഹനങ്ങൾ കടത്തി വിടുന്നു. |
| 23 | എസ്.സി.02/2014/എസ്.സി.കെ | റീജിയണൽ ട്രാൻസ്പോർട്ട് ചെക്ക് പോസ്റ്റ്, വയനാട് | സർക്കാർ തുകയിൽ കുറവ്. ഉടമസ്ഥർക്ക് രസീത് നല്കാതെ ഡ്രൈവിംഗ് ലൈസൻസും ആർ.സി. ബുക്കുകളും ഓഫീസിൽ സൂക്ഷിക്കുക. കണക്കിൽ പെടാത്ത തുക കണ്ടെത്തി. |
| 24 | എസ് .സി.24/2014/ഡബ്ല്യൂ.വൈ.ഡി | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, മുത്തങ്ങ. | കണക്കിൽ പെടാത്ത തുക കണ്ടെത്തി. |
| 25 | * | കൊമേഴ്സ്യൽ ടാക്സ്, മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, അമരവിള | വാഹനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ വ്യത്യാസം ഉള്ളതായി കാണപ്പെട്ടു. ക്യാഷ് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. |
| 26 | * | കൊമേഴ്സ്യൽ ടാക്സ്, മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, വാളയാർ, പാലക്കാട് | 670/- രൂപ കൂടുതലായി കണ്ടെത്തി. |

* റിപ്പോർട്ട് വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ മിന്നൽ പരിശോധന നമ്പർ നല്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ